**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5321 31.10.2016-ൽ മറുപടിയ്ക്ക്

**ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന സർട്ടിഫിക്കറ്റിന് നിയമസാധുത**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.പിണറായി വിജയൻ** ( മുഖ്യമന്ത്രി) | |
| (എ) | കേരള ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നത് എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 22.05.2007 മുതൽ പ്രസിദ്ധീകരിച്ചുവരുന്നു |
| (ബി) | ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന് നിയമസാധുതയുണ്ടോ; | (ബി) | അവകാശികളെ വിചാരണ ചെയ്ത് മൊഴി രേഖപ്പെടുത്തി വില്ലേജോഫീസർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ ഗസറ്റ് വിജ്ഞാപനം തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും 30 ദിവസങ്ങൾക്കകം ആക്ഷേപങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അവകാശികളെ നിശ്ചയിച്ച് സാക്ഷ്യപത്രം നൽകാവുന്നതുമാണ്. ഇങ്ങനെ പ്രസിദ്ധീകരിക്കുന്ന ഗസറ്റിന്റെ ഒരു പകർപ്പാണ് പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭിയ്ക്കുന്നതിനായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്. |
| (സി) | എങ്കിൽ താലൂക്ക് ഓഫീസുകളിൽ തഹസിൽദാർമാർ ഗസറ്റ് വഴി പ്രസിദ്ധീകരിക്കുന്ന പരസ്യം അനന്തരാവകാശ സർട്ടിഫിക്കറ്റിന് പരിഗണിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | താലൂക്ക് ഓഫീസുകളിൽ നിന്നും അയക്കുന്ന പരസ്യങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാനും , സർക്കാർ പ്രസ്സിൽ ഇ- ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് ഡിജിറ്റൽ ഒപ്പ് വഴി നിയമസാധുത നൽകുവാനും നടപടി സ്വീകരിക്കുമോ ? | (ഡി) | പരിശോധിക്കാവുന്നതാണ് |

**സെക്ഷൻ ഓഫീസർ**